# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -879 30.06.2011 ൽ മറുപടിക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. സെൽവരാജ് | | ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) 1-1-2011 ന് ശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ റോഡുകളുടെ നവീകരണത്തിനും അഭിവൃദ്ധിക്കുമായി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേര് വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ ;<br><br>(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ടെണ്ടർ നടപടി സ്വീകരിച്ചവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര നിരത്ത് ഉപവിഭാഗത്തിന്റെ പരിധി - യിലുള്ള മനവേലി - ഇരുവൈക്കോണം - ഓലത്താന്നി നിരത്തിൽ കി.മീ. 0/000 മുതൽ 1/300 വരെയുള്ള ഭാഗത്തിന്റെ അപ്ഗ്രഡേഷൻ പണിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ അപ്ഗ്രഡേഷൻ പണികളുടെ ദർഘാസ് നടപടികൾ പൂർത്തിയായിട്ടുണ്ട് പ്രീ മൺസൂൺ പണികൾ (7എണ്ണം) ദർഘാസ് നടപടികൾ പൂർത്തിയാക്കി പണികൾ ആരംഭിച്ചു കഴിഞ്ഞു. ഈ പ്രവൃത്തികളിൽ 4 പണികൾ പൂർത്തി- യായിട്ടുണ്ട്. പ്രവൃത്തികളുടെ ലിസ്റ്റ് അടക്കം ചെയ്തിട്ടുണ്ട്. (അനുബന്ധം I) |
| (സി) നെയ്യാറ്റിൻകര മണ്ഡലത്തിൽ 1-1-2011 ന് ശേഷം കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പകർപ്പ് ലഭ്യമാക്കുമോ ? | (സി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 01.01.2011 ന് ശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് ധനുവച്ചപുരം ഐ.റ്റി.ഐ.യിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിട നിർമ്മാണത്തിനുമാത്രമാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അടക്കം ചെയ്യുന്നു. (അനുബന്ധം II) |

സെക്ഷൻ ഓഫീസർ